ളിൽപ്പെട്ട കുടുംബങ്ങളും ഉൾപ്പെടെ 17,86,874 കുടുംബങ്ങൾ ദാരിദ്ര്യരേ ഖയ്ക്ക് താഴെയായിരുന്നു. ഈ സർവ്വേ റിപ്പോർട്ടിൽ 1.1.1994 അഡീഷണൽ സർവ്വേ പ്രകാരം 6.888 പട്ടികജാതി/പട്ടികവർഗ്ഗക്കാരെക്കൂടി ചേർത്തിട്ടുണ്ട്.

(സി) ജനകീയാസൂത്രണ പ്രവർത്തനം അനുവദിച്ച ശേഷം ഓരോ വർഷവും ദാരിദ്ര്യരേഖയ്ക്ക് താഴെ എത്ര ശതമാനം ഉണ്ടെന്നുള്ള വിവരം കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല.

**36(41) 2000-2001-ലെ പദ്ധതി ചെലവ്**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001 ലെ പദ്ധതി ചെലവ് എത്രയായാണ് നിജപ്പെടുത്തിയത്;

(ബി) 2000 ജൂൺ 30 സെപ്തംബർ 30, നവംബർ 30 എന്നീ തീയതികൾ വരെ പദ്ധതി പ്രവർത്തനത്തിന് യഥാക്രമം എന്തു തുക വീതം ചെലവായി;

(സി) കൃഷി, വ്യവസായം, വൈദ്യുതി, പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക സമുദായ ക്ഷേമം, പൊതുജനാരോഗ്യം വിദ്യാഭ്യാസം എന്നീ ഇനങ്ങൾക്ക് 2000-2001 ലേക്ക് എന്തു തുക വീതം നീക്കി വച്ചു എന്നും 2000 ജൂൺ 30, സെപ്തംബർ 30, നവംബർ 30 എന്നീ തീയതികൾ വരെ ഈ ഓരോ ഇനത്തിനും യഥാക്രമം എന്തു തുക വീതം ചെലവായി എന്നും പറയുമോ;

(ഡി) 2000-2001-ലെ പദ്ധതി ചെലവ് വെട്ടിക്കുറയ്ക്കാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എന്തു തുക വെട്ടിക്കുറയ്ക്കാൻ ഉദ്ദേശിക്കുന്നു;

(ഇ) കീ സെക്ടറിലുള്ള ഓരോയിനത്തിനും എന്തു തുക കുറവു വരുത്തുവാൻ ഉദ്ദേശിക്കുന്നു;

(എഫ്)പദ്ധതി തുക വെട്ടിക്കുവാൻ കാരണമെന്ത്?

**ഉത്തരം**

(എ) ബഡ്ജറ്റ് വിഹിതം 3535 കോടി രൂപ. എന്നാൽ ആസൂത്രണ കമ്മീഷൻ 3317 കോടി രൂപയുടെ കോർ പ്ലാൻ ആണ് അംഗീകരിച്ചിരിക്കുന്നത്.

(ബി) 2000 ജൂൺ 30 വരെ 360.54 കോടി രൂപയും, 2000 സെപ്തംബർ 30 വരെ 901.20 കോടി രൂപയും 2000 നവംബർ 30 വരെ 1452.56 കോടി രൂപയും പദ്ധതി പ്രവർത്തനത്തിനു ചെലവായിട്ടുണ്ട്.

(സി) വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി-എഫ്)ഇപ്പോൾ പരിഗണനയിലില്ല.

---

* അനുബന്ധം XIV



LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം-XIV

18.12.2000-ലെ നക്ഷത്രചിഹ്നമിടാത്ത 36 (41)-ാം നമ്പർ ചോദ്യം
ദയവായി കാണുക

| | വികസനം ഇനം | വിഹിതം | 2000 ജൂൺ | 2000 സെപ്തംബർ (തുക കോടിയിൽ) | 2000 നവംബർ |
|---|---|---|---|---|---|
| 1 | കൃഷി | 76.00 | 4.77 | 17.38 | 24.94 |
| 2 | വ്യവസായം | 235.14 | 25.63 | 69.95 | 89.19 |
| 3 | വൈദ്യുതി | 657.20 | 86.23 | 188.25 | 346.12 |
| 4 | പട്ടികജാതി/ പട്ടിക വർഗ്ഗ/ പിന്നോക്ക സമുദായക്ഷേമം, ഘടക പദ്ധതി, ഉപപദ്ധതി വിഹിതമുൾപ്പെടെ | 137.50 | 3.00 | 9.58 | 21.16 |
| 5 | പൊതുജനാരോഗ്യം | 67.50 | 7.85 | 15.01 | 19.14 |
| 6 | വിദ്യാഭ്യാസം | 131.69 | 30.53 | 64.90 | 82.10 |

## അനുബന്ധം -XV

18.12.2000 - ലെ നക്ഷത്രചിഹ്നമിടാത്ത 37(42)-ാം നമ്പർ ചോദ്യം
ദയവായി കാണുക

| നം. | | പ്രചാരണ പരസ്യതുക (ഡിസ്പ്ലേ പരസ്യം) | ടെൻഡർ പോലുള്ള നിയമാനുസൃത പരസ്യം |
|---|---|---|---|
| 1. | കാലിക്കറ്റ് ടൈംസ് | 178616 | 564228 |
| 2. | സിറ്റി സൺടൈംസ് | 34909 | 28476 |
| 3. | ജനറൽ | 118785 | 178796 |
| 4. | ഇൻഡ്യൻപൗരൻ | 94066 | 117272 |
| 5. | ജയ്ഹിന്ദ് | 10254 | 9896 |
| 6. | ജയകാഹളം | 13698 | 11632 |
| 7. | കലാപ്രേമി | 195718 | 58028 |
| 8. | കാരവൽ | 60997 | 11541 |
| 9. | കേരളനാദം | 59980 | 143608 |
| 10. | കേരളരാജ്യം | 92441 | 243608 |
| 11. | കേരളശ്രീ | 42909 | 160008 |
| 12. | കോട്ടയം ന്യൂസ് | 29,100 | 59131 |
| 13. | അൽഹിന്ദ് | .. | 402 |

LIBRARY ARCHIVES Kerala Legislative Assembly